**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **28-07-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് മെഡിക്കൽ കോളേജ് വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജ് വികസനത്തിനായി വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന്റെ ആദ്യ ഘട്ടമായി പുതിയ ഓ.പി. ബ്ലോക്കിന്റെ നിർമ്മാണം കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ നിർവ്വഹിക്കുന്നതിന് 187.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പദ്ധതി രേഖ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ ഹൈറ്റ്സ് തയ്യാറാക്കി വരികയാണ് |
| (ബി) | മെഡിക്കൽ കോളേജിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നു വരുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. മെഡിക്കൽ കോളേജ് ക്യംപസിൽ ചുറ്റമതിൽ നിർമിക്കുന്നതിനായി 5.92 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്

2. ഡ്രഗ്സ് സ്റ്റോർ ആധുനിക വൽകരിക്കുന്നതിനായി 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക അനുമതിക്കുള്ള നടപടുകൾ സ്വീകരിച്ചു വരുന്നു.

3. 250 വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 14 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക അനുമതിക്കുള്ള നടപടുകൾ സ്വീകരിച്ചു വരുന്നു.

4. പുതിയ പരീക്ഷ ഹാൾ നിർമ്മിക്കുന്നതിനായി 13 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രവർത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

5. ആൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 8.4 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് നിർമ്മാണപ്രവർത്തി പുരോഗമിച്ചു വരികയാണ്.

6. ക്യാൻസർ കെയർ സെന്റർ വിപുലീകരിക്കുന്നതിനു വേണ്ടി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചു വരികയാണ്.

7. ഓപ്പറേഷൻ തീയറ്ററുകളുടെ നവീകരണത്തിനുവേണ്ടി 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് നിർമ്മാണം പുരോഗമിച്ചു വരികയാണ്.

8. 4 ലിഫ്റ്റുകൾ നിർമ്മിക്കുന്നതിനായി 1.98 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക അനുമതിക്കുള്ള നടപടുകൾ സ്വീകരിച്ചു വരുന്നു.

9. ലെവൽ 1 ട്രോമാകെയർ സെന്റർ നിർമ്മാണത്തിനായി 8 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തി പ്രാരംഭം ഘട്ടത്തിലാണ്.

10. പി.എം.എസ്.എസ്. വൈ സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മിക്കുന്നതിനായി 1195.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് നിർമ്മാണപ്രവർത്തികൾ 96.1% പൂർത്തീകരിച്ചു.

11. ആശുപത്രി വികസന സമിതി ഫണ്ട് ഉപയോഗിച്ച് പെറ്റ് സി.ടി.സ്കാനർ വാങ്ങുന്നതിനായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വാങ്ങാൻ നടപടികൾ അന്തിമഘട്ടത്തിലാണ്.

12. ബേൺസ് യൂണിറ്റിന്റെ നിർമ്മാണത്തിന് 3.465 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട് കെ.എം.എസ്.സി.എൽ ആയതിന്റെ നിർമ്മാണ പ്രവർത്തികൾ യു.എൽ.സി.സി.എസ്സിനെ ഏൽപ്പിച്ചിട്ടുണ്ട്.

13. ബയോസേഫ്റ്റി ലെവൽ -3 ലാബ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5.5 കോടി രൂപയുടെയും ഉപകരണങ്ങൾ വാങ്ങുന്നതിന് 1.8 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവർത്തികൾ നടത്തുന്നതിനുവേണ്ടി CPWD-നെ ഏൽപ്പിച്ചിട്ടുണ്ട്.. പ്രാരംഭ പ്രവർത്തികൾ പൂർത്തീകരിച്ചു വരികയാണ്.

14. മെഡിക്കൽ കോളേജ് ആശുപത്രിയെയും, സൂപ്പർ സ്പെഷ്യാലിറ്റി, സർജിക്കൽ സൂപ്പർ സ്പെഷ്യാലിറ്റി, ബ്ലോക്കുകളെയും ബന്ധിപ്പിച്ച് 2 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന ആകാശ പാതയുടെ നിർമ്മാണ പ്രവർത്തി പുരോഗമിച്ച് വരികയാണ്. ആകെ ചെലവു വരുന്ന 2 കോടി രൂപയിൽ, 1 കോടി രൂപ BPCL CSR ഫണ്ടും, 1 കോടി രൂപ കോഴിക്കോട് മെഡിക്കൽ കോളേജ് ആലുംമനിയുമാണ് ചെലവാക്കുന്നത്.

Santhosh
സെക്ഷൻ ഓഫീസർ.